പതിനാലാം കേരള നിയമസഭ

പതിമൂന്നാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത
ചോദ്യം നമ്പർ : 1200

03.12.2018 - ൽ
മറുപടിക്ക്

## വൈലോങ്ങര-ഓരോടം പാലം ബൈപാസ്

| ചോദ്യം | | മറുപടി |
|---|---|---|
| ശ്രീ.ടി.എ.അഹമ്മദ് കബീർ | | ശ്രീ. ജി. സുധാകരൻ (പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പ് മന്ത്രി) |
| (എ) 2016-17 സാമ്പത്തിക വർഷം പ്രഖ്യാപിച്ച മങ്കട നിയോജക മണ്ഡലത്തിലെ വൈലോങ്ങര-ഓരോടം പാലം ബൈപാസിന്റെ നിർമ്മാണ പുരോഗതി വിശദമാക്കാമോ;<br><br>(ബി) പ്രസ്തുത ബൈപാസ് നിർമ്മാണവുമായി ബന്ധപ്പെട്ട് ആർ.ബി.ഡി.സി നാളിതുവരെ നടത്തിയ പ്രവർത്തനങ്ങൾ എന്തൊക്കെയാണെന്ന് വിശദമാക്കാമോ; | (എ) & (ബി) | വൈലോങ്ങര-ഓരോടം പാലം ബൈപ്പാസിന്റെ അലൈൻമെന്റ് പൂർത്തീകരിച്ച്, ഡി.പി.ആർ തയ്യാറാക്കി ആർ.ബി.ഡി.സി.കെ. കിഫ്ബിയ്ക്ക് സമർപ്പിക്കുകയും, പ്രസ്തുത പ്രവൃത്തി കിഫ്ബി അംഗീകരിക്കുകയും,അതിൻപ്രകാരം എൽ.എ. റിക്വസിഷൻ മലപ്പുറം കളക്ടർക്ക് കൊടുക്കുകയും ചെയ്തു. അലൈൻമെന്റിനെ സംബന്ധിച്ച് സമർപ്പിച്ച കേസുകളിൽ ബഹു ഹൈക്കോടതി, പെറ്റീഷണറുടെ പരാതികളിൽ തീർപ്പ കൽപ്പിക്കുവാൻ നിർദ്ദേശിക്കുകയും തുടർന്ന് ആർ.ബി.ഡി.സി.കെ ജനറൽ മാനേജർ (ഇൻ ചാർജ്ജ്) ഹിയറിംഗ് നടത്തി കക്ഷികൾക്ക് മറുപടി നൽകിയിട്ടുണ്ട്. അതിർത്തി കല്ലുകൾ സ്ഥാപിക്കാനുള്ള സാഹചര്യം സംജാതമാകുന്ന മുറയ്ക്ക് ഭൂമി ഏറ്റെടുക്കൽ നടപടികളുമായി മുന്നോട്ട് പോകുന്നതുമാണ്. |

| | | |
|---|---|---|
| (സി) | ബൈപാസ് നിർമ്മാണം അടിയന്തിരമായി നടപ്പിലാക്കുന്നതിന് ആക്ഷൻ പ്ലാൻ, ആക്ടിവിറ്റി കലണ്ടർ തുടങ്ങിയ കാര്യങ്ങൾ പരിഗണനയിലുണ്ടോയെന്ന് അറിയിക്കാമോ? | (സി) നിലവിൽ പരിഗണനയിൽ ഇല്ല. |

സെക്ഷൻ ഓഫീസർ